# "വായനദിന പ്രതിജ്ഞ"

"ഞാൻ വായിച്ചു വളർന്ന്, അതിലൂടെ അറിവ് നേടി വായന ഒരു ശീലമാക്കി ഭാരതത്തിന്റെ അഖണ്ഡതയും, സംസ്ക്കാരവും ഉയർത്തുവാൻ വേണ്ട പ്രവർത്ത നങ്ങളിൽ സജീവമായി പങ്കുചേരും. നമ്മുടെ രാഷ്ട്രത്തിന്റെ ഛിദ്രശക്തികളായി പ്രവർത്തിക്കുന്ന തീവ്രവാദത്തിനും, മതമൗലികവാദത്തിനുമെതിരെ പ്രതികരിക്കുകയും, മദ്യം-മയക്കുമരുന്ന്, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തുടങ്ങിയവയ്ക്കെതിരെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യും. അതോടൊപ്പം രാജ്യത്ത് വിനാശകരമായി വളർന്നുവരുന്ന അഴിമതി, അനീതി എന്നിവ പൊതുസമൂഹത്തിന്റെ എല്ലാരംഗത്തുനിന്നും തുടച്ച് നീക്കുവാൻ എന്നാൽ കഴിയുന്നവിധം പരിശ്രമിക്കുകയും ചെയ്യും.

ഭാരതത്തിലെ നിയമവ്യവസ്ഥകൾ ശരിയാംവണ്ണം പാലിക്കുകയും, ശാന്തിയും സമാധാനവും, സുരക്ഷിതത്വവുമുള്ള ഒരന്തരീക്ഷം നിലനിർത്താൻ പൂർണ്ണമായി പ്രയത്നിക്കുകയും ചെയ്യും. നമ്മുടെ അമൂല്യ സമ്പത്തായ സൗരോർജ്ജം, ശുദ്ധജലം, പരിസ്ഥിതി മുതലായവ ശരിയായും, സ്വച്ഛമായും ഉപയോഗപ്പെടുത്തി സുരക്ഷിതത്വമുള്ള അന്തരീക്ഷം നിലനിർത്തി വായനയിലൂടെ പഠനം കാര്യക്ഷമ മാക്കും. ഞാൻ എന്റെ ഭാരതത്തെ ലോകരാഷ്ട്രങ്ങളുടെ മുൻപന്തിയിൽ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും അതിനു വേണ്ടി മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യും."

**"വായിച്ചു വളരും ചിന്തിച്ചു വിവേകം നേടും**

**വായിച്ചു വളരും ചിന്തിച്ചു വിവേകം നേടും**

**വായിച്ചു വളരും ചിന്തിച്ചു വിവേകം നേടും"**